## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2204 26.03.2013 ലെ മറുപടിയ്ക്ക്

## കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. സി. എഫ്. തോമസ്<br>ശ്രീ. റ്റി.യു. കുരുവിള | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി വിപുലമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) | കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ വിപുലീകരണത്തിന്റെ ഭാഗമായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.<br><br>1. കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ ചികിത്സ ലഭ്യമാക്കുന്ന രോഗങ്ങളുടെ വിഭാഗത്തിൽ ഗുരുതരമായ നട്ടെല്ല്, സുഷുമ്നാ നാഡി രോഗങ്ങൾ, ശ്വാസകോശ രോഗങ്ങൾ എന്നിവയ്ക്കു കൂടി ധനസഹായം നൽകുന്ന കാര്യം പരിഗണിച്ചുവരുന്നു.<br><br>2. നിലവിൽ 48 സ്വകാര്യ ആശുപത്രികളെയാണ് ഈ പദ്ധതിയിലേക്ക് അക്രെഡിറ്റ് ചെയ്തിട്ടുള്ളത്. കൂടുതൽ സ്പെഷ്യലിസ്റ്റ് ആശുപത്രികളെ ഈ പദ്ധതിയിലേക്ക് അക്രെഡിറ്റു ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>3. ഓരോ താലൂക്കിലും കുറഞ്ഞത് രണ്ട് ഡയാലിസിസ് സെന്ററുകൾ വീതം ഈ പദ്ധതിയിലേക്ക് അക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>4. ആവശ്യമായ സ്ഥല സൗകര്യവും വിദഗ്ധ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും സേവനം ലഭ്യമായിട്ടുള്ള സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ/താലൂക്ക് ആശുപത്രികളിലും കാരുണ്യ ഡയാലിസിസ് സെന്റർ എന്ന പേരിൽ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

ഇതിന്റെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ ഡയാലിസിസ് യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. സ്ഥല സൗകര്യമോ കെട്ടിടങ്ങളോ ലഭ്യമാക്കുന്ന സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി പരിസരത്ത് രോഗികൾക്കും കൂട്ടിരിപ്പുകാർക്കും കുറഞ്ഞ ചിലവിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിന് കാരുണ്യം ഹോം തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| **(ബി)** | കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ നൽകി വരുന്ന പരമാവധി തുക വർദ്ധിപ്പിക്കുന്നതിനും കൂടുതൽ രോഗികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതിനും നടപടി ഉണ്ടാകുമോ ? | **(ബി)** | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.